**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1355** **04-07-2022 - ൽ മറുപടിയ്ക്ക്**

**സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതന വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ, അനധ്യാപകർ, മറ്റ് ജീവനക്കാർ എന്നിവർക്ക് ഏതെങ്കിലും തരത്തിലുള്ള നിശ്ചിത വേതന വ്യവസ്ഥ സർക്കാർ നിർണ്ണയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ഉണ്ട്; സംസ്ഥാനത്തെ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് മിനിമം വേതനം വ്യക്തമാക്കി കൊണ്ട് സ.ഉ (എം.എസ്) നം.36/11/11/പൊ.വി.വ തീയതി 14.02.2011 പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന അനധ്യാപകർക്ക് മിനിമം വേതനം വ്യക്തമാക്കി കൊണ്ടും സേവന വ്യവസ്ഥകൾ നിശ്ചയിച്ച കൊണ്ടും, തൊഴിലും നൈപുണ്യവും വകുപ്പ് 15.02.2021-ന് 739 നമ്പരായി അസാധാരണ ഗസറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഗസറ്റ് നം.807 തീയതി 07.03.2020 പ്രകാരം അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപികമാരടക്കമുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മെറ്റേർനിറ്റി ബെനിഫിറ്റ് ആക്ടിലെ വ്യവസ്ഥകൾ ബാധകമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ